സാന്നിദ്ധ്യം 13 ശതമാനത്തിൽനിന്ന് 27 ശതമാനമായി വർദ്ധിപ്പിക്കുന്നതിന് മലബാർ മേഖലയിൽ ആരംഭിച്ച പുതിയ സർവ്വീസുകൾ സഹായകമായിട്ടുണ്ട്. സേവനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കോഴിക്കോട് ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ബസ് സ്റ്റേഷൻ നിർമ്മാണം നടന്നുവരുന്നു. കാസർഗോഡ്, തുളുനാട് ബസ് ടെർമിനൽ നിലവിൽ വന്നു കഴിഞ്ഞു. കാഞ്ഞങ്ങാട് ഓപ്പറേറ്റിംഗ് സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു കൊണ്ടിരിക്കുന്നു.

(ഇ) 2651 വാഹനങ്ങൾ നിരത്തിലിറക്കി.

| | |
|---|---|
| എ.സി. | 20 |
| സൂപ്പർ ഡീലക്സ് | 30 |
| എക്സ്പ്രസ്സ് | 83 |
| സൂപ്പർ ഫാസ്റ്റ് എക്സ്പ്രസ്സ് | 338 |
| ഫാസ്റ്റ് പാസഞ്ചർ | 937 |
| അനന്തപുരി ഫാസ്റ്റ് | 223 |
| ഓർഡിനറി | 777 |
| എസ്.ഡബ്ല്യൂ.ബി. | 240 |
| വോൾവോ | 3 |
| ആകെ | 2651 |

(എഫ്) സർവ്വീസ് രംഗം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി തലശ്ശേരിയിൽ സബ് ഡിപ്പോയും പിറവം, ആര്യങ്കാവ് എന്നിവിടങ്ങളിൽ ഓപ്പറേറ്റിംഗ് സെന്ററുകളും ആരംഭിച്ചിട്ടുണ്ട്. കാഞ്ഞങ്ങാട് ഓപ്പറേറ്റിംഗ് സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

**ജല അതോറിറ്റിയുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിന് നടപടി**

16 (*226) ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. വി. ശശികുമാർ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലനയത്തിന്റെ അടിസ്ഥാനത്തിൽ കേരള ജല അതോറിറ്റിയുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിനും മുടങ്ങിക്കിടന്ന പദ്ധതികൾ പൂർത്തിയാക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ശുദ്ധീകരണശാല പുതുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) വരൾച്ചബാധിത പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതിന് പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ ;

(ഡി) ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികൾ പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ.. പ്രേമചന്ദ്രൻ) :

(എ) ജല അതോറിറ്റിയുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കുകയുണ്ടായി :

വാട്ടർ അതോറിറ്റിയുടെ പ്രധാന പദ്ധതികളായ ജപ്പാൻ കുടിവെള്ള പദ്ധതി, സ്പാൻ, സാർക്ക്, മലബാർ പാക്കേജ്, വിവിധ ഗ്രാമീണ പദ്ധതികൾ എന്നിവ വളരെവേഗം പൂർത്തീകരിക്കാൻ 13 പ്രോജക്റ്റ് ഡിവിഷനുകൾ രൂപീകരിച്ചു. ടെൻഡറിംഗ് അപാകതകൾ ഒഴിവാക്കുന്നതിനായി ഇ ടെൻഡറിംഗ് സംവിധാനം ഏർപ്പെടുത്തി. തിരുവനന്തപുരം നഗരത്തിൽ വിജയകരമായി പൂർത്തീകരിച്ച വൈഡ് ഏരിയ നെറ്റ് വർക്ക് എന്ന കമ്പ്യൂട്ടർ സംവിധാനം സംസ്ഥാനത്തുടനീളം വ്യാപിപ്പിക്കുന്നതിനുള്ള പണികൾ നടന്നുവരുന്നു. പൗരാവകാശ രേഖ പ്രസിദ്ധീകരിക്കുകയും അതിൻപ്രകാരമുള്ള സേവനങ്ങൾ ഉപഭോക്താക്കൾക്ക് ഉറപ്പുവരുത്തുകയും ചെയ്തു. കേരളാ വാട്ടർ അതോറിറ്റിയുടെ, കോർപ്പറേഷൻ, മുൻസിപ്പാലിറ്റി, താലൂക്ക് കേന്ദ്രങ്ങൾ എന്നിവിടങ്ങളിലെ സബ് ഡിവിഷനുകളിൽ ഹെൽപ് ഡെസ്ക്കുകൾ സ്ഥാപിച്ചു. പ്രധാന നഗരങ്ങളിൽ ബ്ലൂ ബ്രിഗേഡ് സംവിധാനം നടപ്പിലാക്കി. വെള്ളക്കരം ഇന്റർനെറ്റുവഴി അടയ്ക്കാൻ ഇ പേയ്മെന്റ് സംവിധാനം നടപ്പാക്കി. ഓൺലൈനിൽ പരാതി പരിഹാര സംവിധാനം തിരുവനന്തപുരത്ത് നടപ്പാക്കി. കമ്പ്യൂട്ടർ ബില്ലിംഗ് സംവിധാനം സംസ്ഥാനത്ത് എല്ലായിടത്തും വ്യാപകമാക്കാനുള്ള നടപടി പൂർത്തിയായിവരുന്നു. കമ്പ്യൂട്ടറൈസ്ഡ് സ്പോട്ട് ബില്ലിംഗ് സംവിധാനവും തിരുവനന്തപുരം നഗരത്തിൽ നടപ്പിലാക്കുകയുണ്ടായി.

വാട്ടർ അതോറിറ്റി പുനഃസംഘടിപ്പിക്കുന്നതിനായി സ്ഥാപന ശാക്തീകരണ കമ്മിറ്റി രൂപീകരിച്ച് ഐ.ഐ.എം. ബാംഗ്ലൂർ, എനർജി മാനേജ്മെന്റ് സെന്റർ മുതലായ സ്ഥാപനങ്ങളുടെ സഹായത്തോടെ പ്രവർത്തിക്കുകയും ചെയ്യുന്നു.

എൽ.എ.സി. സഹായത്തോടെ ഏറ്റെടുക്കുകയും തുടർ സഹായം ലഭ്യമാകാതിരുന്നതിനാൽ സ്തംഭനാവസ്ഥയിലുമായ പദ്ധതികൾ പൂർത്തിയാക്കുന്നതിന് ടി പദ്ധതികൾ പുനരാവിഷ്കരിച്ച് നബാർഡ് ധനസഹായത്തോടെ സ്പാനിലും കേന്ദ്രഗവൺമെന്റ് സഹായത്തോടെയുള്ള NRDWP, സാർക്ക്, UIDSSMT എന്നീ പദ്ധതികളിലും ഉൾപ്പെടുത്തി ഏറ്റെടുത്ത് പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

(ബി) വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി കാലഹരണപ്പെട്ട 43 ജലശുദ്ധീകരണ ശാലകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ സാർക്ക് പദ്ധതിയിലുൾപ്പെടുത്തി പൂർത്തിയാക്കി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) കടുത്ത കുടിവെള്ളക്ഷാമം നേരിടുന്ന സ്ഥലങ്ങളിൽ ധനലഭ്യത ക്കനുസരിച്ച് അനുയോജ്യമായ നടപടികൾ വാട്ടർ അതോറിറ്റി സ്വീകരിക്കു ന്നതാണ്.

1. ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം
2. കേടായ പമ്പുസെറ്റുകളുടെ അറ്റകുറ്റപ്പണികൾ
3. പമ്പുസെറ്റ് മാറ്റി വയ്ക്കുന്ന പണികൾ
4. വാട്ടർ ലൈനുകളിലെ ലീക്കുകൾ മാറ്റുക
5. സാങ്കേതികമായി സാധ്യമായ സ്ഥലങ്ങളിൽ ജലത്തിന്റെ ലഭ്യത അനുസരിച്ച് പൈപ്പ് ലൈൻ നീട്ടുക
6. തകരാറിലായ പൈപ്പ് ലൈനുകൾ മാറ്റുക മുതലായവ.

(ഡി) ഗ്രാമീണ മേഖലയുടെ പദ്ധതികൾ പൂർത്തിയാക്കുന്നതിനുവേണ്ടി വിവിധ തലങ്ങളിൽ മീറ്റിംഗുകൾ കൂടുകയും പ്രവർത്തന പുരോഗതി വിലയിരുത്തുകയും ചെയ്യുന്നുണ്ട്. വിവിധ തദ്ദേശ സ്ഥാപനങ്ങളുമായി ചർച്ച നടത്തുകയും കരാറുകാർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്തുകളുമായി ബന്ധപ്പെട്ട് സ്ഥലലഭ്യതയുടെ കാര്യങ്ങൾ പരിഹരിക്കാൻ ശ്രമിച്ചുവരുന്നു. പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് പൈപ്പ് ലൈനുകൾ സ്ഥാപിക്കുവാനുള്ള അനുമതി ത്വരിതപ്പെടുത്തുക മുതലായവ ചെയ്തുവരുന്നുണ്ട്.

**ലബോറട്ടറികളെ നവീകരിക്കുന്നതിനുള്ള പദ്ധതി**

17 (*227) ശ്രീ. പി. ജയരാജൻ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പബ്ലിക് ഹെൽത്ത് ലബോറട്ടറികളെ നവീകരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം പുതുതായി പബ്ലിക് ഹെൽത്ത് ലബോറട്ടറി സ്ഥാപിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(സി) രോഗ നിർണ്ണയത്തിന് ആശുപത്രികളിലുള്ള ലബോറട്ടറി സൗകര്യം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ഡി) നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഓഫ് ലബോറട്ടറീസിന്റെ അംഗീകാരം നേടുന്നതിനായി സർക്കാർ ആശുപത്രികളിലെ ലബോറട്ടറികളെ നവീകരിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly